ആശുപത്രികളിലെ സിസേറിയൻ

27 (*537) ശ്രീ. ബി. സത്യൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആശുപത്രികളിൽ, വിശേഷിച്ച് സ്വകാര്യ ആശുപത്രികളിൽ, ലോകാരോഗ്യ സംഘടന നിർദ്ദേശിച്ചിട്ടുള്ള പരമാവധി പരിധിയായ 15 ശതമാനത്തിന്റെ മൂന്നു മടങ്ങിലധികം പ്രസവങ്ങൾ സിസ്സേറിയൻ രീതിയിൽ നടക്കുന്നതിന്റെ കാരണം എന്തൊക്കെയെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയത് ;

(ബി) ഇതു നിയന്ത്രിക്കാനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും അതിന്റെ ഫലമായി സിസ്സേറിയൻ രീതിയിലുള്ള പ്രസവങ്ങളുടെ നിരക്ക് കുറഞ്ഞോ എന്നും അറിയിക്കാമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) 2014-15 - ലെ എച്ച്.എം.ഐ.എസ്. ഡേറ്റാ പ്രകാരം സ്വകാര്യ ആശുപത്രികളിലെ സിസേറിയൻ നിരക്ക് 41.21 ശതമാനവും സർക്കാർ ആശുപത്രികളിലെ നിരക്ക് 39.75 ശതമാനവുമാണ്. സിസേറിയൻ ചെയ്യാനുണ്ടായ പ്രധാന കാരണങ്ങൾ താഴെപ്പറയുന്നവയാണ് :

1. ഗർഭസ്ഥശിശുവിന്റെ ജീവൻ അപകടാവസ്ഥയിലാകുമ്പോൾ

2. കുഞ്ഞിന്റെ വലുപ്പക്കൂടുതൽ കൊണ്ട് സാധാരണ പ്രസവം സാദ്ധ്യമാകാതെ വരുമ്പോൾ

3. ആദ്യത്തെ പ്രസവം സിസേറിയൻ ആണെങ്കിൽ രണ്ടാമത്തേത് സിസേറിയൻ ആകാൻ സാദ്ധ്യത കൂടുതലാണ്.

4. അമ്മയ്ക്ക് രക്ത സമ്മർദ്ദം, പ്രമേഹം തുടങ്ങിയ ഗുരുതരാവസ്ഥകൾ പ്രസവത്തെ കൂടുതൽ സങ്കീർണ്ണമാക്കുമ്പോൾ

5. അമ്മയ്ക്ക് പ്രസവിക്കാനായി മരുന്ന് നൽകി നിശ്ചിത സമയം കഴിഞ്ഞിട്ടും ഗർഭപാത്രം പ്രതികരിക്കുന്നില്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

6. മറുപിള്ളയുള്ള സ്ഥാനവ്യതിയാനം പ്രസവം അസാദ്ധ്യമാക്കുമ്പോൾ

7. മറുപിള്ള വേർപെടുത്തുന്നതുമൂലം പെട്ടെന്നുണ്ടാകുന്ന രക്തസ്രാവം

8. വന്ധ്യതാ നിരക്ക് കൂടുതലായതിനാൽ 'പ്രഷ്യസ് ബേബി' എന്ന നിലയിൽ ട്രയൽ ലേബർ കൊടുക്കാൻ പറ്റാത്തതിനാൽ സിസേറിയൻ ചെയ്യേണ്ടിവരുന്നു.

9. ഒന്നിൽ കൂടുതൽ കുട്ടികളുണ്ടാവുകയും കുട്ടി തിരിഞ്ഞുകിടക്കുകയും ചെയ്യുമ്പോൾ

10. കുട്ടിക്ക് നാല് കിലോയിൽ കൂടുതൽ ഭാരമുള്ളപ്പോൾ

(ബി)

1. സിസേറിയൻ നിരക്ക് നിയന്ത്രിക്കാനായി 7-5-2011-ലെസ.ഉ. (സാധാ.) നമ്പർ 1791/2011/ആ.ക.വ. പ്രകാരം ഈ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

2. നിരക്ക് 40 ശതമാനത്തിലധികമുള്ള സർക്കാരാശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകൾക്ക് നിർദ്ദേശം നൽകുകയും അവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും മറുപടി കൈപ്പറ്റുകയും ചെയ്തിരുന്നു.

3. ആന്റിനേറ്റൽ ക്ലിനിക്കുകൾ കൃത്യമായി നടത്തുന്നതിനും ഗർഭിണിയാകുമ്പോൾ മുതൽ നടത്തേണ്ട റിസ്ക് അസസ്സ്മെന്റുകളെപ്പറ്റിയും ഗൈനക്കോളജിസ്റ്റുകൾക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

4. ഫീൽഡുതലത്തിൽതന്നെ ഗർഭിണികൾക്ക് സാധാരണ പ്രസവംകൊണ്ട് അമ്മയ്ക്കും കുഞ്ഞിനുമുള്ള ഗുണങ്ങളെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

5. ഒന്നിൽക്കൂടുതൽ ഗൈനക്കോളജിസ്റ്റുകളുള്ള ആശുപത്രികളിൽ ഒരാളുടെ കൂടി വിദഗ്ധ അഭിപ്രായപ്രകാരം മാത്രമെ സിസേറിയന് മുതിരാവൂ എന്ന് സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

6. കേരള ഫെഡറേഷൻസ് ഓഫ് ഒബ്സ്റ്റട്രിസ് & ഗൈനക്കോളജിയുടെ (കെ.എഫ്.ഒ.ജി.) പ്രസവ സംബന്ധമായ കാര്യങ്ങൾക്കുള്ള ചികിത്സാ ഗൈഡ് ലൈൻസ് പിന്തുടരണമെന്ന് ആരോഗ്യ വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

7. ഓരോ സ്ഥാപനത്തിന്റെയും പ്രസവവും സിസേറിയനും സ്ഥാപന തലത്തിൽ ആഡിറ്റ് ചെയ്യുന്നുണ്ട്.

8. മാസന്തോറും ഈ ആഡിറ്റുകളും റിപ്പോർട്ടുകളും ജില്ലാ മെഡിക്കൽ ഓഫീസർ തലത്തിലുള്ള സമിതി അവലോകനം ചെയ്യുന്നു.

9. ഈ റിപ്പോർട്ടുകൾ സ്ഥാപനതലത്തിലും അവലോകനം ചെയ്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

ഇത്തരത്തിലുള്ള നിയന്ത്രണങ്ങളുടെയും നടപടികളുടെയും ഫലമായി സിസേറിയൻ നിരക്ക് പരമാവധി കുറച്ചുകൊണ്ടുവരുന്നു. കാസർഗോഡ്, കൊല്ലം ജില്ലകളിലെ സർക്കാർ ആശുപത്രികളിലും എറണാകുളം, കോട്ടയം, തൃശ്ശൂർ ജില്ലകളിലെ സ്വകാര്യ ആശുപത്രികളിലും 2013-14 വർഷത്തേക്കാൾ 2014-15-ൽ നിരക്ക് നേരിയ തോതിൽ കുറഞ്ഞുവന്നിട്ടുണ്ട്. തുടർന്നും സിസേറിയൻ നിരക്ക് കൂടാതിരിക്കാനായി കർശന നിരീക്ഷണം നടന്നുവരുന്നു.

മെഡിക്കൽ/ഡെന്റൽ കൗൺസിലിന്റെ അംഗീകാരം

28 (*538) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കൗൺസിൽ, ഡെന്റൽ കൗൺസിൽ എന്നിവയുടെ അംഗീകാരം നഷ്ടമാകുന്നതുമൂലം സംസ്ഥാനത്തെ ഏതെങ്കിലും കോളേജുകളിൽ സീറ്റ് നഷ്ടമാകുന്ന സ്ഥിതി വിശേഷം നിലവിലുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നൽകാമോ;

(ബി) സംസ്ഥാനത്ത് എല്ലാ കോളേജുകളിലും കൂടി എത്ര സീറ്റുകളാണ് ഓരോ വിഭാഗത്തിലും ഉള്ളത് എന്നതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ ;

(സി) മെഡിക്കൽ, ഡെന്റൽ കൗൺസിലുകളുടെ പ്രതികൂല ഇടപെടൽ ഉണ്ടാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ നടപടികൾക്ക് നിർദ്ദേശം നൽകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

LIBRARY ARCHIVES Kerala Legislative Assembly